"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- ശക്തി സദൻ പദ്ധതി - SNA അക്കൗണ്ടിൽ ശേഷിക്കുന്ന തുക consolidated fund of India, Consolidated fund of State എന്നിവയിലേക്ക് ഒടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.32/2026/WCDD തീയതി,തിരുവനന്തപുരം, 20-01-2026

പരാമർശം:- 1. സർക്കുലർ നം. 53/2023/ധന തീയതി.06/06/2023.
2. ഓഫീസ് മെമ്മോറാണ്ടം F. No. 1(27)/PFMS/2020 തീയതി 16.01.2024 .
3. വനിതശിശു വികസന ഡയറക്ടറുടെ 18.10.2025-ലെ DWCD/2997/2024-WEC4 നം. കത്ത്.

**ഉത്തരവ്**

ദുഷ്കരമായ സാഹചര്യങ്ങളിലും വിവിധ ജീവിത പ്രതിസന്ധികളിലും ചൂഷണത്തിന് വിധേയരാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താത്ക്കാലിക താമസസൗകര്യം, പുനരധിവാസം, വൈദ്യസഹായം, നിയമസഹായം മുതലായവ നൽകി ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വധർഗ്രഹ് പദ്ധതിയും ലൈംഗികചൂഷണം തടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, അവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സ്വന്തം വാസസ്ഥലങ്ങളിൽ തിരിച്ചുകൊണ്ടുവരിക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉജ്ജ്വല ഹോം പദ്ധതിയും സംയോജിപ്പിച്ച് 2022-23 വർഷം ശക്തിസദൻ പദ്ധതി നിലവിൽ വരികയും ടി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുകയും ചെയ്തിരുന്നു. 60:40 എന്ന കേന്ദ്ര സംസ്ഥാന വിഹിതത്തിൽ ഫണ്ട് വിനിയോഗിക്കുന്ന ടി പദ്ധതി നടപ്പാക്കുന്നതിനായുള്ള ഫണ്ട് വിനിയോഗത്തിനായി IDBI ബാങ്കിൽ വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിൽ SNA അക്കൗണ്ട് ആരംഭിക്കുകയും ടി പദ്ധതി നടപ്പാക്കുന്ന 8 NGO കൾക്ക് ചൈൽഡ് അക്കൗണ്ട് മുഖേന തുക അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 2021-22 വർഷം മുതൽ 2023-24 വർഷം വരെ ടി SNA അക്കൗണ്ടിൽ സ്വധർഗ്രഹ് പദ്ധതി, ഉജ്ജ്വല ഹോം പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനും 2024-25 വർഷം

മുതൽ ശക്തി സദൻ പദ്ധതി നടപ്പാക്കുന്നതിനുമുള്ള തുക കൈകാര്യം ചെയ്തുവരുന്നു. ടി പദ്ധതി നടപ്പാക്കുന്നതിനായി ലഭിച്ച കേന്ദ്ര റിലീസ് തുക, സംസ്ഥാന വിഹിതം തുക എന്നിവ ചുവടെ ചേർക്കുന്നു.

| Financial Year | Name of the Scheme | GOI Release Order No & Date | Release amount | | |
|---|---|---|---|---|---|
| | | | Central Share | State Share | Total Fund released |
| 2021-22 | Swadhar Greh | SW/23/4/2016/SWADHAR Dated: 24.03.2022 | 1549222 | 0 | 1549222 |
| | Swadhar Greh | SW/23/4/2016/SWADHAR Dated: 24.03.2022 | 3053400 | 0 | 3053400 |
| 2022-23 | Swadhar Greh | Nil | 0 | 3068425 | 3068425 |
| 2023-24 | Ujjawala Home Scheme | CP-16/32/2016-CP (e-25461) Dated:18.08.2023 | 1945070 | 1296713 | 3241783 |
| | Swadhar Greh | SW/23/4/2016/SWADHAR Dated: 22.08.2023 | 2746174 | 1830783 | 4576957 |
| | Ujjawala | CP-16/32/2016-CP (e- | 254826 | 169884 | 424710 |

| | | | | | |
|---|---|---|---|---|---|
| | Home Scheme | 25461) | | | |
| 2024-25 | Shakti Sadan Scheme | SW/23/4/2016/SWADHAR (e-23526) Dated: 20.09.2024 | 27881497 | 18587665 | 46469162 |
| | Shakti Sadan Scheme | SW/23/4/2016/SWADHAR (e-23526) Dated: 21.11.2024 | 14167800 | 9445200 | 23613000 |
| **Total** | | | **5,15,97,989/-** | **3,43,98,670/-** | **8,59,96,659/-** |

ടി പദ്ധതിയുടെ പലിശ കേന്ദ്ര സർക്കാരിന് ഒടുക്കിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയ വകയിൽ ശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| **Calculation:-** | **Figures in Rupees** |
|---|---|
| Central share of funds released to the SNA account since 1st April, 2021 | (A1) = 5,15,97,989/- |
| State share of funds released to the SNA account since 1st April, 2021 (01.04.2021) | (B1) = 3,43,98,670/- |
| TOP UP released to the SNA account since 1st April, 2021 | (C1) = 0 |
| Total Funds Released to the SNA account since 1st April, 2021 to till date | (D1) = 8,59,96,659/- |
| SNA account balance as on date as per Bank | (S) = 101/ |

| | |
|---|---|
| SNA account balance as on date as per Bank Statement and SNA 01 Report | (S) = 101/- |
| Central share of funds in the SNA account as on date | (X1) = 61/- |
| State share of funds in the SNA account as on date | (Y1) = 40/- |
| TOP UP share of funds in the SNA account as on date | (Z1) = 0 |

നിലവിൽ ശക്തി സദൻ പദ്ധതി SNA SPARSH ഫണ്ട് വിനിയോഗത്തിലേക്ക് Onboard ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ ടി പദ്ധതിയുടെ നടത്തിപ്പിനായി ആരംഭിച്ച SNA അക്കൗണ്ടിൽ ശേഷിക്കുന്ന തുക കേന്ദ്ര സംസ്ഥാന വിഹിതം തിരിച്ച് യഥാക്രമം consolidated fund of India യിലേക്കും, Consolidated fund of State ലേക്കും ഒടുക്കി SNA അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുണ്ട്. ശക്തിസദൻ പദ്ധതിയ്ക്കായി ആരംഭിച്ച SNA അക്കൗണ്ടിൽ ശേഷിക്കുന്ന 101/- രൂപയിൽ കേന്ദ്രവിഹിതമായ 61/- രൂപയും, സംസ്ഥാന വിഹിതമായ 40/- രൂപയും യഥാക്രമം consolidated fund of India, Consolidated fund of State എന്നിവയിലേക്ക് ഒടുക്കുന്നതിനുള്ള ശീർഷകം അനുവദിയ്ക്കുന്നതിലേയ്ക്കും ടി തുക ഒടുക്കിയ ശേഷം അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുമുള്ള അനുമതി നൽകണമെന്നും വനിതശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. SLS KL252-ശക്തിസദൻ പദ്ധതിയ്ക്കായി ആരംഭിച്ച SNA അക്കൗണ്ടിൽ ശേഷിക്കുന്ന 101/- രൂപയിൽ കേന്ദ്രവിഹിതമായ 61/- രൂപ, പരാമർശം (2)-ലെ നിർദേശ പ്രകാരം Consolidated fund of India ലേയ്ക്കും സംസ്ഥാന വിഹിതമായ 40/- രൂപ പരാമർശം (1)-ലെ നിർദേശ പ്രകാരം Consolidated fund of state-ലേയ്ക്കും തിരിച്ചടയ്ക്കാൻ അനുമതി നല്കി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (WCD-1/285/2025-FIN(E;333925 ) തീയതി 01/01/2026)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sithara Vijayan
Date: 20-01-2026 12:21:44

സെക്ഷൻ ഓഫീസർ